ക്യാഷ് അവാർഡിന് അപേക്ഷ ക്ഷണിച്ചു

കാസർകോട്: കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി അംഗങ്ങളുടെ മക്കളിൽ 2019-20 അധ്യായന വർഷം എസ്എസ്എൽ. സി, സിബിഎസ്ഇ , പ്ലസ് ടു(സ്റ്റേറ്റ്, സിബിഎസ്ഇ) പരീക്ഷകളിൽ എറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിച്ചവർക്ക് ക്യാഷ് അവാർഡ് നൽകും. ഇതിനായി വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ ക്ഷേമനിധി അംഗത്തിന്റെ അപേക്ഷ, മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, ക്ഷേമനിധി കാർഡിന്റെ പകർപ്പ്, അപേക്ഷകന് വിദ്യാർത്ഥിയുമായുള്ള ബന്ധം തെളിയിക്കുന്നതിനായി എസ്എസ്എൽ. സി ബുക്കിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, അപേക്ഷകന്റെ ഫോൺ നമ്പർ എന്നിവ സഹിതം ആഗസ്റ്റ് 10 നകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം-691001 എന്ന വിലാസത്തിൽ സമർപ്പിക്കണം. രേഖകൾ നേരിട്ടോ, തപാലിലോ അല്ലെങ്കിൽ chiefofficecashew@gmail.com ലേക്ക് മെയിലായോ സമർപ്പിക്കാം. ഫോൺ - 0474-2743469.

തരിശു കൃഷിക്കായി 7480 ഓഫ് ലൈൻ അപേക്ഷകൾ

കാസർകോട്: സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശു കൃഷിക്കായി 41 കൃഷി ഭവനുകളിൽ 7480 അപേക്ഷകൾ ഓഫ്ലൈനായി ലഭിച്ചിട്ടുണ്ട്ഇതിൽ 3770 അപേക്ഷ പ്രവാസികളിൽ നിന്നും 2361 അപേക്ഷ ചെറുപ്പക്കാരിൽ നിന്നുമാണ് ലഭിച്ചതെന്ന് അധികൃതർ അറിയിച്ചു.അഞ്ച് വർഷമായി കൃഷിക്ക് ഉപയോഗിക്കാതെ വിവിധയിടങ്ങളിൽ തരിശായി കിടന്ന 3044.57 ഏക്കർ ഭൂമിയും ജില്ലയിൽ സുഭിക്ഷ കേരളം പദ്ധതിക്ക് വേണ്ടി പുതുതായി കണ്ടെത്തി. ഇതിന്റെ വിശദാംശങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സുഭിക്ഷ കേരളം ആപ്പ് വഴി അപ്ലോഡ് ചെയ്തിട്ടുണ്ട്.

പെരുന്നാൾ കൈനീട്ടവുമായി കേരള മുസ്ലിം ജമാഅത്ത്

കാസർകോട്: കോവിഡ് കാരണം ദുരിതമനുഭവിക്കുന്നവർക്ക് ഇരുപത് ലക്ഷം രൂപയുടെ പെരുന്നാൾ കൈ നീട്ടവുമായി കേരള മുസ്ലിം ജമാഅത്തും സഹോദര സംഘടനകളും സർക്കിളുകൾ കേന്ദ്രീകരിച്ച് ആയിരത്തി ഒരു നൂറ് കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റും സമാശ്വാസ ഫണ്ടും വിതരണം ചെയ്തു. കോവിഡ് കാരണം തൊഴിൽ നഷ്ടപ്പെട്ട ഉസ്താദുമാരെ പദ്ധതിയിൽ പ്രത്യേകം പരിഗണന നൽകിയിരുന്നു. കോവിഡ് മഹാമാരിയിൽ പ്രയാസമനുഭവിക്കുന്നവർക്ക് കൂടുതൽ സഹായമെത്തിക്കാനും ജില്ലയിലെ സുന്നീ സ്ഥാപനങ്ങളുടെ കീഴിലുള്ള കോറന്റൈൻ കേന്ദ്രങ്ങളും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളും വിപുലപ്പെടുത്താനും പ്രസിഡന്റ് സയ്യിദ് പൂക്കുഞ്ഞി തങ്ങൾ കല്ലക്കട്ടയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ജില്ലാ ക്യാബിനറ്റ് യോഗം തീരുമാനിച്ചു. പള്ളങ്കോട് അബ്ദുൽ ഖാദർ മദനി, സുലൈമാൻ കരിവള്ളൂർ, ബി എസ് അബ്ദുല്ലക്കുഞ്ഞി ഫൈസി, കൊല്ലമ്പാടി അബ്ദുൽ ഖാദർ സഅദി, അബ്ദുൽ ഹകീം ഹാജി കളനാട്, മുക്രി ഇബ്റാഹീം ഹാജി, സി എൽ ഹമീദ് ചെമ്മനാട്, കന്തൽ സൂപ്പി മദനി, ഇബ്റാഹീം ഹാജി ഉപ്പള, കെ എച്ച് അബ്ദുല്ല മാസ്റ്റർ, മദനി ഹമീദ് ഹാജി കാഞ്ഞങ്ങാട് പങ്കെടുത്തു.

പെരിയയിൽ ഹോൾസെയിൽ പച്ചക്കറി മാർക്കറ്റ് യാർഡ് ആരംഭിക്കും

കാസർകോട്: പെരിയ ദേശീയപാതയോരത്ത് പത്തേക്കർ റവന്യൂ ഭൂമിയിൽ ഹോൾസെയിൽ പച്ചക്കറി മാർക്കറ്റ് യാർഡ് ആരംഭിക്കാൻ സുഭിക്ഷ കേരളം ജില്ലാ കോർ കമ്മിറ്റി തീരുമാനിച്ചു.ഹോൾസെയിൽ പച്ചക്കറി മാർക്കറ്റ് യാർഡിൽ മാസ - ആഴ്ച ദിവസ - കണക്കിൽ പച്ചക്കറി ശേഖരണവും വിൽപ്പനയും ഉണ്ടാവും.ആധുനിക രീതിയിൽ ആണ് മാർക്കറ്റ് നിർമ്മിക്കുക.ജില്ലയിലെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള പച്ചക്കറികൾ ശേഖരിച്ച് വിപണനം നടത്തുവാനും ജില്ലയിൽ ഉൽപ്പാദിപ്പിക്കപ്പെടാത്ത പച്ചക്കറികൾ മറ്റ് സ്ഥലങ്ങളിൽ നിന്നും ജില്ലയിൽ എത്തിച്ച് വിതരണം നടത്തുവാനും ഈ മാർക്കറ്റിലൂടെ സാധിക്കും.

ക്ഷീര സംഘങ്ങളെ കേന്ദ്രീകരിച്ച് ഗ്രാമീണ പച്ചക്കറികളുടെ ശേഖരണവും വിപണനവും നടത്താൻ യോഗത്തിൽ തീരുമാനിച്ചു. രാവിലെയും വൈകുന്നേരവും മാത്രം പ്രവർത്തിക്കുന്ന 172 ഓളം ക്ഷീര സംഘങ്ങൾ ജില്ലയിൽ ഉണ്ട്. ഈ സംഘങ്ങളെ ഉപയോഗിച്ച് കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിലേക്ക് എത്തിക്കുവാനുള്ള സൗകര്യമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.കളക്ടറേറ്റിൽ നടന്ന യോഗത്തിൽ സുഭിക്ഷ കേരളം ജില്ലാ കൺവീനർ എം പി സുബ്രമണ്യൻ റിപ്പോർട്ട് അവതരിപ്പിച്ചു.

കാസർകോട് കാർഷിക ഗ്രാമവികസന ബാങ്ക് സെക്രട്ടറിയുടെ റിട്ടയർമെന്റ് യാത്രയയപ്പ് യോഗം രാജ്മോഹൻ ഉണ്ണിത്താൻ എം.പി ഉദ്ഘാടനം ചെയ്യുന്നു

പരിഷ്ക്കരിച്ച നിയമങ്ങൾ സഹകരണ മേഖലയെ തകർക്കും:എം പി

കാസർകോട്: സഹകരണ മേഖലയെ തകർക്കുന്ന കേന്ദ്ര സർക്കാരിന്റെയും ആർബിഐയുടെയും ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന്റെയും പരിഷ്ക്കരിച്ച പുതിയ നിയമങ്ങളും വ്യവസ്ഥകളും അതേപടി അംഗീകരിക്കുന്ന സംസ്ഥാന സർക്കാർ നിലപാട് സംസ്ഥാനത്തെ പ്രാഥമീക കാർഷിക വികസന ബാങ്കുകൾ, പ്രാഥമീക സഹകരണ ബാങ്കുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ തകർക്കാനുള്ള ലക്ഷ്യത്തോടെയാണെന്ന് രാജ്മോഹൻ ഉണ്ണിത്താൻ എം പി ആരോപിച്ചു. കാസർകോട് കാർഷിക ഗ്രാമവികസന ബാങ്ക് സെക്രട്ടറിയുടെ റിട്ടയർമെന്റ് യാത്രയയപ്പ് യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രസിഡന്റ് കെ. നീലകണ്ഠൻ ആധ്യക്ഷം വഹിച്ചു. എം.കുഞ്ഞമ്പു നമ്പ്യാർ, ടോം ജോസ്, സുകുമാരൻ, വിശാലാക്ഷി, എംസി സുകുമാരൻ, ഇ.ശശിധരൻ, ഉഷാകുമാരി പി കെ, സിഎച്ച് വിജയൻ സംസാരിച്ചു.

പാണാർകുളത്ത് ജില്ലാകളക്ടർ ഡി സജിത് ബാബുവിന്റെ നേതൃത്വത്തിൽ കാർപ്പ് മത്സ്യ വിത്ത് നിക്ഷേപിക്കുന്നു.

പാണാർകുളത്ത് മത്സ്യ വിത്ത് നിക്ഷേപിച്ചു

ചെർക്കള: ചെങ്കള ഗ്രാമപഞ്ചായത്തിലെ ഡി ടി പി സി ടൂറിസം കേന്ദ്രമായ പാണാർകുളത്ത് ഫിഷറീസ് വകുപ്പിന്റെ സുഭിക്ഷ കേരളം പദ്ധതിയിൽ കാർപ്പ് മത്സ്യ വിത്ത് നിക്ഷേപിച്ചു. ജില്ലാ കളക്ടർ ഡി.സജിത് ബാബു പഞ്ചായത്ത് പ്രസിഡണ്ട് ഷാഹിന, മഹമ്മൂദ്, എ. അഹമ്മദ് ഹാജി, പി വി സതീശൻ, എ.പി. ആതിര പങ്കെടുത്തു. റെഡ് തിലാപിയ, കോയി കാർപ് തുടങ്ങിയ വർണമത്സ്യ വിത്തുകളും പാണാർ കുളത്ത് നിക്ഷേപിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

കർണ്ണാടകയിലേയ്ക്കുള്ള യാത്രാവിലക്ക് പിൻവലിക്കണം: ശ്രീകാന്ത്

കാസർകോട്: ജില്ലകർക്ക് കർണാടകയിലേക്ക് പോകുന്ന വർക്ക് കേരള സർക്കാർ ഏർപ്പെടുത്തിയ വിലക്ക് നീക്കി യാത്രാനുമതി നൽകണമെന്ന് ജില്ലാ പഞ്ചായത്തംഗം കെ. ശ്രീകാന്ത് ആവശ്യപ്പെട്ടു. കേന്ദ്രസർക്കാരിന്റെ അൺലോക്ക് 3 മാർഗ നിർദേശ പ്രകാരം അന്തർസംസ്ഥാന യാത്രാനുമതി നൽകിയിട്ടുണ്ട്. പക്ഷേ അതിനു വിരുദ്ധമായി കാസർകോട് ജില്ലയിൽ അന്തർ സംസ്ഥാന യാത്രാ വിലക്ക് ഏർപ്പെടുത്തുകയും ദിവസങ്ങളോളം വീടുകളിൽ നിരീക്ഷണം നിർബന്ധമാക്കുകയും ചെയ്യുന്നു.

ജില്ലയിൽ ഡോക്ടർമാർക്ക് യാത്രാനുമതി ഇല്ലാത്തതുകൊണ്ട് നിരവധി ഡോക്ടർമാർ കർണാടകയിൽ കുടുങ്ങിക്കിടക്കുകയാണെന്ന് ശ്രീകാന്ത് പറഞ്ഞു. രോഗികൾ വലയുകയാണ്. ബാങ്ക് ഉൾപ്പെടെയുള്ള പൊതു- സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന നൂറുകണക്കിന് ആൾക്കാർ ജോലിക്ക് പോകാൻ സാധിക്കാതെ പ്രയാസം അനുഭവിക്കുകയാണെന്ന് എന്ന് അദ്ദേഹം പറഞ്ഞു. അന്തർസംസ്ഥാന യാത്രയിൽ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് കേരള ചീഫ് സെക്രട്ടറിക്കും ജില്ലാ കളക്ടർക്കും ശ്രീകാന്ത് നിവേദനം നൽകി.

നീലേശ്വരം സമ്പൂർണ്ണ പെൻഷൻ പദവിയിലേക്ക്

കാസർകോട്: അർഹരായ മുഴുവൻ ആളുകൾക്കും സാമൂഹ്യ സുരക്ഷ പെൻഷൻ ലഭ്യമാക്കിക്കൊണ്ട് സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ പെൻഷൻ പദവിയിലേക്ക് നീലേശ്വരം നഗരസഭ . 2908 പേർക്ക് വാർദ്ധക്യകാല പെൻഷനും, 1964 പേർക്ക് വിധവ പെൻഷനും ,746 പേർക്ക് കർഷക തൊഴിലാളി പെൻഷനും,544 പേർക്ക് ഭിന്നശേഷി പെൻഷനും , 359 പേർക്ക് കാർഷിക പെൻഷനും, 147 പേർക്ക് അവിവാഹിത പെൻഷനും ഉൾപ്പെടെ ആകെ 6668 ആളുകൾക്കാണ് നഗരസഭയിൽ നിന്ന് പെൻഷൻ നൽകുന്നത്. പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം നഗരസഭ 6.3 കോടി രൂപയാണ് വിതരണം ചെയ്തത്.

ഹോമിയോ മരുന്ന് വിതരണം ചെയ്തു

പാലക്കുന്ന് : സമ്പർക്കത്തിലൂടെ കോവിഡ് വ്യാപനം വർധിക്കുന്ന സാഹചര്യത്തിൽ പാലക്കുന്നിലും പരിസരത്തും 17-ാം വാർഡ് ജാഗ്രത സമിതി ഹോമിയോ മരുന്നുകൾ വിതരണം ചെയ്തു. കാപ്പിൽ അംഗനവാടിയിൽ വാർഡ് അംഗം ചന്ദ്രൻ നാലാംവാതുക്കൽ ഉദ്ഘാടനം ചെയ്തു. 5000 ൽ പരം ഗുളികളാണ് നൽകിയത്. കാപ്പിൽ ഷറഫുദീൻ, ജാഫിർ, ശ്രീജ പുരുഷോത്തമൻ, റിച്ചു, രഞ്ജിത്ത് പാലക്കുന്ന്, ഹനീഫ, സാജിത്, സിയാസ് കാപ്പിൽ, ആയിഷ നേതൃത്വം വഹിച്ചു.

ഓൺലൈൻ പഠനത്തിനു ടി.വി ഇല്ലാതിരുന്ന വിദ്യാർത്ഥിനിക്കു പടിമരുത് പള്ളി വികാരി ഫാ.ജോസഫ് കരിമ്പുഴിക്കൽ സ്വന്തം ടി.വി സമ്മാനിക്കുന്നു

ഓൺലൈൻ പഠനം മുടങ്ങിയ വിദ്യാർത്ഥിനിക്ക് പള്ളി വികാരി സ്വന്തം ടി വി നൽകി

ഒടയംചാൽ: ഓൺലൈൻ പഠനം മുടങ്ങിയ വിദ്യാർത്ഥിനിക്ക് പള്ളി വികാരി സ്വന്തം ടി വി നൽകി.ഡോ: അംബേദ്കർ ഗവ: ഹയർ സെക്കണ്ടറി സ്കൂളിൽ ഏട്ടാം ക്ലാസിൽ പഠിക്കുന്ന ഉദയപുരം കുതിരക്കല്ലിലെ വിദ്യാർത്ഥിനി വിസ്മയക്കാണ് ഓൺലൈൻ ക്ലാസ്സ് കാണുന്നതിനായി പടിമരുത് പള്ളി വികാരി ഫാ. ജോസഫ് കരിമ്പുഴിക്കൽ അദ്ദേഹത്തിന്റെ ടി വി സംഭാവന ചെയ്തത്. പി ടി എ പ്രസിഡണ്ട് എം ഗണേശൻ ടിവി രക്ഷിതാവിന് കൈമാറി. അധ്യാപകരായ ബിജോയ് ,ജനാർദ്ദനൻ സംബന്ധിച്ചു.

ഓൺലൈൻ പഠന സൗകര്യം ഒരുക്കി ഹൊസ്ദുർഗ് ബാങ്കും രാജീവ് ഭവൻ തണ്ണോട്ടും

കാഞ്ഞങ്ങാട്: ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ആറങ്ങാടി നിലാങ്കരയിലെ ഫായിസിന്റെ കുടുംബത്തിന് ഹൊസ്ദുർഗ് സർവീസ് സഹകരണ ബാങ്ക് ടി വി നൽകി. ബാങ്ക് പ്രസിഡന്റ് പ്രവീൺ തോയമ്മൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർമാരായ കെ. കെ ഇസ്മായിൽ, ഇ കെ കെ പടന്നക്കാട്, വിവി. സുധാകരൻ, എൻ കെ രത്നാകരൻ, എച്ച് ബാലൻ, ഖൈറുന്നിസ, സബീന സംബന്ധിച്ചു. ചടങ്ങിൽ ഓൺലൈൻ പഠനം മുടങ്ങിയ മറ്റൊരു വിദ്യാർത്ഥിനിക്കും ടെലിവിഷൻ നൽകി.

കാഞ്ഞങ്ങാട്: ഓൺലൈൻ പഠനം മുടങ്ങിയ വിദ്യാർത്ഥിക്ക് പഠനം തുടരുന്നതിനു ആവശ്യമായ ടെലിവിഷൻ നൽകി രാജീവ് ഭവൻ തണ്ണോട്ട്. കൂട്ടക്കനി ഗവണ്മെന്റ് യു പി സ്കൂളിലെ ഏഴാം ക്ലാസ്സിൽ പഠിക്കുന്ന തണ്ണോട്ട് പാടിക്കാനത്തെ കുട്ടിയുടെ കാര്യം ശ്രദ്ധയിൽപെട്ട രാജീവ് ഭവൻ തണ്ണോട്ടിന്റെ പ്രവാസികളായ മെമ്പർമാർ കുട്ടിയുടെ വീട്ടിൽ ടി വി എത്തിച്ചു നൽകുകയായിരുന്നു. ഏതു സാഹചര്യത്തിലും ഒരു കുട്ടിയുടെയും പഠനം മുടങ്ങരുത് എന്ന തീരുമാനത്തിലാണ് അംഗങ്ങൾ.

ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ആറങ്ങാടി നിലാങ്കരയിലെ ഫായിസിന്റെ കുടുംബത്തിന് ഹൊസ്ദുർഗ് സർവീസ് സഹകരണ ബാങ്ക് ടി വി നൽകിയപ്പോൾ

മാസ്ക് നൽകി

കാഞ്ഞങ്ങാട്: ഹദിയ അതിഞ്ഞാൽ കാഞ്ഞങ്ങാട്ടെ മാധ്യമ പ്രവർത്തകർക്ക് മാസ്ക് നൽകി. യു എ ഇ അബുദാബി കോഡിനേറ്റർ പി എം ഫാറൂഖ് അതിഞ്ഞാൽ മാധ്യമ പ്രവർത്തകൻ എൻ ഗംഗാധരന് നൽകി നിർവ്വഹിച്ചു.പ്രസ് ഫോറം പ്രസിഡണ്ട് ഇ.വി .ജയകൃഷ്ണൻ ആധ്യക്ഷം വഹിച്ചു. ഖാലിദ് അറബിക്കടത്ത്, സി ബി സലീം, ഹമീദ് മണ്ടിയൻ, നിയാസ് അഹമ്മദ്, ടി മുഹമ്മദ് അസ്ലം, കെ എസ് ഹരി കുമ്പള, അനിൽ പുളിക്കാൽ, ഒ.വി നാരായണൻ, ടി കെ നാരായണൻ, ബാബു കോട്ടപ്പാറ സംസാരിച്ചു.

ഹദിയ അതിഞ്ഞാലിന്റെ നേതൃത്വത്തിൽ മാധ്യമപ്രവർത്തകർക്ക് മാസ്ക് വിതരണം ചെയ്തപ്പോൾ

പ്ലസ്ടു പരീക്ഷയിൽ മുഴുവൻ മാർക്കും നേടിയ നായന്മാർമൂലതൻ ബീഹുൽ ഇസ്ലാം സ്കൂളിലെ ആയിഷ ഹിബ സൈൻ ഷാൻ. എസ്.എസ്. എൽ.സി. പരീക്ഷയിലും മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയിരുന്നു. സന്തോഷ് നഗർ സൈൻ മഹലിലെ ബദ്റുദ്ധീന്റെയും കെ.എ.നസീറയുടെയും മകളാണ്. ആയിഷ ഹിബയെ സ്കൂൾ മാനേജ്മെന്റും അധ്യാപക രക്ഷാകർതൃ സമിതിയും അഭിനന്ദിച്ചു.

എസ്.എസ്. എൽ. സി പുനർ മൂല്യനിർണ്ണയത്തിലൂടെ എല്ലാ വിഷയത്തിലും എ പ്ലസ്സ് നേടിയ ആര്യ നാരായണൻ (തച്ചങ്ങാട് ഗവ.ഹൈസ്കൂൾ)

നൂറുമേനി കൊയ്ത കുട്ടികളെ അനുമോദിച്ച് തച്ചങ്ങാട്ടെ പൂർവ്വവിദ്യാർത്ഥികൾ

കാസർകോട്: എസ്.എസ്. എൽ.സി പരീക്ഷയിൽ നൂറ് ശതമാനം വിജയം നേടിയ തച്ചങ്ങാട് ഗവ.ഹൈസ്കൂളിലെ വിദ്യാർത്ഥികളെ പൂർവ്വ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഉപഹാരം നൽകി ആദരിച്ചു. എസ്.എസ്.എൽ.സി പരീക്ഷ എഴുതി വിജയിച്ച 144 വിദ്യാർത്ഥികൾക്കും ഈ നേട്ടത്തിന് സാക്ഷ്യം വഹിച്ച സ്കൂളിനും ഉപഹാരം നൽകി. പൂർവ്വവിദ്യാർത്ഥികളായ സുജിത്തും രഞ്ജിത്തും ആണ് ഈ മാതൃപ്രവർത്തനത്തിന് ചുക്കാൻ പിടിച്ചത്. അമ്മക്കൂട്ടം പ്രസിഡണ്ട് സുജാത ബാലൻ, ഹെഡ്മാസ്റ്റർ ഇൻ ചാർജ് വിജയകുമാർ എന്നിവർ ഉപഹാരങ്ങൾ ഏറ്റുവാങ്ങി. എസ്.എം.സി ചെയർമാൻ നാരായണൻ, സ്റ്റാഫ് സെക്രട്ടറി അജിത, ഡോ.സുനിൽകുമാർ കോറോത്ത്, അശോക കുമാർ ,പ്രണാബ്കുമാർ, ശശിധരൻ സംബന്ധിച്ചു.

തച്ചങ്ങാട് ഗവ.ഹൈസ്കൂളിലെ എസ്.എസ്.എൽ.സി പരീക്ഷ എഴുതി വിജയിച്ച 144 വിദ്യാർത്ഥികൾക്കും പൂർവ്വവിദ്യാർത്ഥികൾ നൽകുന്ന ഉപഹാരം അമ്മക്കൂട്ടം പ്രസിഡണ്ട് സുജാത ബാലൻ ,ഹെഡ്മാസ്റ്റർ ഇൻ ചാർജ് വിജയകുമാർ എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു.

ഉസ്താദുമാർക്ക് സാന്ത്വന കിറ്റ് നൽകി

ഉദുമ: ഉദുമ സോൺ കേരള മുസ്ലീംജമാഅത് കമ്മിറ്റി കോവിഡ് മൂലം ജോലി നഷ്ടപ്പെട്ടവർക്ക് 1100 ബലി പെരുന്നാൾ സാന്ത്വന കിറ്റ് വിതരണം ചെയ്തു. സോൺ പരിധിയിലെ 97 ഉസ്താദുമാർക്ക് വിതരണം ചെയ്തു.ചെരുമ്പയിൽ നടന്ന ചടങ്ങിൽ സയ്യിദ് കെ പി എസ് തങ്ങൾ ബേക്കൽ പ്രാർത്ഥന നടത്തി. ഹസൈനാർ സഖാഫി, കാട്ടിപ്പാറ അബ്ദുൽ ഖാദർ സഖാഫി, അബ്ദുറഹീം, സുലൈമാൻ മൗലവി പടുപ്പ്, ആബിദ് സഖാഫി, അഷ്റഫ് സഖാഫി, ഹമീദ് സഅദി, ഖലീൽ, റഹീഖ് സഖാഫി ചേടിക്കു്, ഖാലിദ് പുത്തരിയടുക്കം, അബ്ദുറഹ്മാൻ ബാഖവി, നൗഫൽ സഅദി തുടങ്ങിയവർ നേതൃത്വം നൽകി.

കേരള മുസ്ലീം ജമാഅത്ത് ഉദുമ സോണിന്റെ പ്രയാസമനുഭവിക്കുന്ന ഉസ്താദുമാർക്കുള്ള ഭക്ഷണ കിറ്റിന്റെ വിതരണോദ്ഘാടനം നിർവ്വഹിച്ച് പ്രസിഡണ്ട് സയ്യിദ് കെ.പി.എസ് തങ്ങൾ ബേക്കൽ പ്രാർത്ഥന നടത്തുന്നു

ദുരിത കാലത്ത് കേരള മുസ്ലിം ജമാഅത്തിന്റെ കൈത്താങ്ങ്

കാഞ്ഞങ്ങാട്: കോവിഡ് രോഗഭീതിയിൽ ജീവിത ദുരിതം പേറുന്ന നിർദ്ധന കുടുംബങ്ങൾക്ക് കൈത്താങ്ങുമായി അതിഞ്ഞാൽ യൂണിറ്റ് കേരള മുസ്ലിം ജമാഅത്ത് അതിഞ്ഞാൽ യൂണിറ്റ് പരിധിയിലെ 10 കുടുംബങ്ങൾക്ക് റേഷൻ വിതര പദ്ധതിയാണ് നടപ്പിലാക്കുക.

റേഷൻ വിതരണ പദ്ധതി എസ് വൈ എസ് കാഞ്ഞങ്ങാട് സോൺ ഫിനാൻസ് സെക്രട്ടറി സയ്യിദ് ജഅഫർ സ്വാദിഖ് തങ്ങൾ ഉദ്ഘാടനം ചെയ്തു. ഹമീദ് മൗലവി കൊളവയൽ, ബശീർ മങ്കയം, എസ് കെ.അബ്ദുൽ ഖാദർ കൊളവയൽ,യൂസുഫ് അതിഞ്ഞാൽ, അബ്ദുസ്സത്താർ പഴയ കടപ്പുറം ,ഇബ്രാഹിം സഖാഫി കൊളവയൽ, ശംസീർ അതിഞ്ഞാൽ തുടങ്ങിയവർ സംബന്ധിച്ചു.

കേരള മുസ്ലീംജമാഅത്ത് അതിഞ്ഞാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ നടന്ന അരി വിതരണം

ചെർക്കളം ജനനന്മക്ക് വേണ്ടി പോരാടിയ നേതാവ്: എം. സി

ദുബൈ: ജനകീയ വിഷയങ്ങളിൽ ഇടപെട്ട് ജനനന്മയ്ക്ക് വേണ്ടി പോരാടിയ ശക്തനായ നേതാവായിരുന്നു ചെർക്കളം അബ്ദുള്ളയെന്ന് എം.സി ഖമറുദ്ദീൻ എം.എൽ.എ പ്രസ്താവിച്ചു. ദുബൈ കെ എം സി സി മഞ്ചേശ്വരം മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച ചെർക്കളം അബ്ദുള്ള അനുസ്മരണ വെബിനാർ ഉത്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അധികാരികളുടെ മുമ്പിൽ സമൂഹത്തിന്റെ നന്മയ്ക്ക് വേണ്ടിയും വികസന കാര്യത്തിലും വിട്ടു വീഴ്ച കാണിക്കാത്ത നേതാവായിരുന്നു അദ്ദേഹം.

അത്യുത്തര കേരളത്തിൽ മുസ്ലിം ലീഗിന് ശക്തമായ വേരോട്ടമുണ്ടാക്കുന്നതിന് ഏറ്റവും നന്നായി യത്നിച്ച നേതാവ് കൂടിയായിരുന്നു അദ്ദേഹമെന്ന് അനുസ്മരണ പ്രഭാഷണം നടത്തിയ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ കെ എം അഷ്റഫ് അഭിപ്രായപ്പെട്ടു.

പ്രസിഡന്റ് അയ്യൂബ് ഉറുമി ആധ്യക്ഷം വഹിച്ചു. ഡോ. ഇസ്മായിൽ മൊഗ്രാൽ ഇബ്രാഹിം ബേരികെ, എം അബ്ബാസ്, എ കെ ആരിഫ്, ഇബ്രാഹിം ഖലീൽ, നിസാം കൊല്ലം, സലാം കന്യപ്പാടി, റാഫി പള്ളിപ്പുറം, ഹസൻ ബത്തേരി, മഹമൂദ് ഹാജി പൈവളികെ, അഷ്റഫ് പാവൂർ, സെഡ് എ മൊഗ്രാൽ, സുബൈർ കുബണൂർ, മൻസൂർ മർത്യ, അഷ്റഫ് ബായാർ, സലാം പടലട്ക, അലി സാഗ്, മുനീർ ബേരിക, സൈഫുദ്ദീൻ മൊഗ്രാൽ, യൂസുഫ് ഷേണി, ആസിഫ് ഹൊസങ്കടി, അമാൻ തലേകള, ഹസൻ കുദുവ, അസീസ് ബള്ളൂർ, സാദിഖ് ചിനാല സംസാരിച്ചു.

ഇരിയണ്ണിയിൽ വി എച്ച് എസ് ഇ പ്രവേശനം ആരംഭിച്ചു

ബോവിക്കാനം: ഇരിയണ്ണി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ വി എച്ച് എസ് ഇ വിഭാഗത്തിലേക്കുള്ള പ്രവേശനം ആരംഭിച്ചു. തൊഴിൽ ശേഷി വികസിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക് പാഠ്യപദ്ധതി അനുസരിച്ചുള്ള കോഴ്സുകളിലേക്കാണ് പ്രവേശനം. ഡയറി ഫാർമർ എന്റർപ്രണർ, കംപ്യൂട്ടർ അപ്ലിക്കേഷൻ അക്കൗണ്ടിംഗ് ആൻഡ് പബ്ലിഷിംഗ്,ഓഫീസ് ഓപ്പറേഷൻസ് എക്സിക്യൂട്ടീവ് എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനം പൂർണ്ണമായും ഓൺലൈനായായിരിക്കും. ഫോൺ: 9747300145

വിദ്യാർത്ഥികളെ കോൺഗ്രസ് കമ്മിറ്റി വീടുകളിലെത്തി അനുമോദിച്ചു

കുണ്ടംകുഴി: കൊളത്തൂർ മേഖലയിൽ പ്ലസ് ടു പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ കൊളത്തൂർ കോൺഗ്രസ് മേഖല കമ്മിറ്റിയുടെ നേതൃത്വത്തിൽ കോവിഡ് പ്രോട്ടോകോൾ പ്രകാരം വീടുകളിലെത്തി പുസ്തകങ്ങൾ നൽകി അനുമോദിച്ചു. ഉദയൻ തെവുക്കല, സന്തോഷ് കൊളത്തൂർ, അനീഷ് കരിച്ചേരി, അഖിലേഷ് കരിച്ചേരി, ജയനാരായൺ കോടോത്ത്, വിനോദ് പെർളടുക്കം, രാജീവ് തെവുക്കല, ശ്രീരാഗ് കരക്കയുക്കം നേതൃത്വം നൽകി.

ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ കൊളത്തൂർ കോൺഗ്രസ് കമ്മിറ്റി ആദരിക്കുന്നു